LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതകളെ നഗരവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസന പദ്ധതി

15 (*555) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളെ നഗരവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഗതാഗതക്കുരുക്ക് കുറയ്ക്കുക, അപകട നിരക്ക് കുറയ്ക്കുക, സുഗമമായ ഗതാഗതം ഉറപ്പു വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ജില്ലാതല സുരക്ഷാ സമിതി, റോഡ് സുരക്ഷാ അതോറിറ്റി എന്നിവയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടും KSUDP-യുമായി സഹകരിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള പ്രാരംഭ ചർച്ചകൾ വകുപ്പുതലത്തിലും സർക്കാർ തലത്തിലും നടന്നുവരുന്നു.

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതി

16 (*556) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

I. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ :

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള കർമ്മപദ്ധതികൾ താഴെ ചേർക്കുന്നു :

1. ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) :

ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുകയും പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ "ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം - II" ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടം പൂർത്തിയായിട്ടുണ്ട്. ഇതിനുവേണ്ടി 2015-16 വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ് :

എറണാകുളത്ത് കാക്കനാട്ടുള്ള ലീഗൽ മെട്രോളജി ഭവനിൽ പുതിയ വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റിന്റെ ആദ്യഘട്ടം ആരംഭിക്കുന്നതിന് 2015-16 ബഡ്ജറ്റിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. ഉപകരണങ്ങൾ വാങ്ങുക :

വകുപ്പിന് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ, സ്റ്റാമ്പിംഗ് പഞ്ചുകൾ, സ്റ്റാൻഡിംഗ്പാഡുകൾ എന്നിവ വാങ്ങുന്നതിന് 2015-16 സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. ഓഫീസുകളുടെ നവീകരണം :

വകുപ്പിന്റെ കൺട്രോളർ ഓഫീസ്, ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, അസിസ്റ്റന്റ് കൺട്രോളർ ഓഫീസ് എന്നിവിടങ്ങളിൽ ഫ്രണ്ട് ഓഫീസ്, ക്യാബിൻ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

II. പരസ്യ പ്രചാരണം :

അളവ്, തൂക്കം എന്നിവയും സൂക്ഷ്മത ഉറപ്പാക്കുന്നതിലൂടെ ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിന് പ്രചാരണം നടത്തുന്നതിന് 7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

III. പരിശീലന പരിപാടികൾ :

വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് 2015-16 സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

IV. ലീഗൽ മെട്രോളജി ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം :

ലീഗൽ മെട്രോളജി വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായത്തോടെയാണ് ഇവ നടപ്പാക്കുന്നത്.

(സി) 1. ലീഗൽ മെട്രോളജി ഭവൻ നിർമ്മാണം - (500 ലക്ഷം രൂപ)

2. ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (രണ്ടാം ഘട്ടം) - (100 ലക്ഷം രൂപ)

3. വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ് - (75 ലക്ഷം രൂപ)

4. ഉപകരണങ്ങൾ വാങ്ങുന്നത് - (75 ലക്ഷം രൂപ)

5. ഓഫീസുകളുടെ നവീകരണം - (25 ലക്ഷം രൂപ)

എന്നിവയ്ക്ക് 4-6-2015-ലെ G.O.(Rt) 2889/15/RD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly